സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 166 2024 ഒക്ടോബർ 17 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

'പോകുന്നവർ പോകട്ടെ': കെ.സുധാകരൻ

തിരു: ഉപതിരഞ്ഞെടുപ്പ് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചതിന് പിന്നാലെ കോൺഗ്രസിലുണ്ടായ പൊട്ടിത്തെറികളിൽ പ്രതികരിച്ച് കെപിസിസി അധ്യക്ഷൻ കെ സുധാകരൻ. പാർട്ടിയിൽ നിന്ന് പോകുന്നവർ പോകട്ടെയെന്നും ആരെയും പിടിച്ചു കെട്ടി നിർത്താൻ പറ്റില്ലെന്നും സുധാകരൻ പറഞ്ഞു. എന്നാൽ കെപിസിസി ഡിജിറ്റൽ സെൽ അധ്യക്ഷൻ പി സരിൻ പോകരുതെന്നാണ് പാർട്ടിയുടെ ആഗ്രഹമെന്നും അദ്ദേഹം പ്രതികരിച്ചു. സരിനാണ് ഇത് തീരുമാനിക്കേണ്ടതെന്നും തങ്ങളുടെ ആഗ്രഹം അറിയിച്ചിട്ടുണ്ടെന്നും സുധാകരൻ വ്യക്തമാക്കി.

ദിവ്യയുടെ ഭർത്താവ് പി.ശശിയുടെ ബിനാമി

മുഖ്യമന്ത്രിയുടെ ഓഫീസ് കള്ള പരാതിയുണ്ടാക്കുന്നു – അൻവർ

പാലക്കാട്: അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് (എ.ഡി.എം.) കെ. നവീൻബാബുവിന്റെ മരണത്തിൽ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിക്കെതിരെ ആരോപണം ഉന്നയിച്ച് പി.വി. അൻവർ എം. എൽ. എ. ഒരുപാട് മാനസിക പീഡനങ്ങൾക്ക് ഇരയായി എ. ഡി.എം മരിച്ചിരിക്കുന്നു. ഏത് സാഹചര്യത്തിലാണ് അദ്ദേഹം മരണത്തിലേക്ക് പോയതെന്ന് പഠിക്കേണ്ടിയിരിക്കുന്നുവെന്നും അൻവർ.

'ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ വെറുതെ വന്ന് സംസാരിച്ചതല്ല. കേരളത്തിലെ വിവിധ ജില്ലകളിൽ ശശിക്ക് ബിനാമി ഇടപാടിൽ പെട്രോൾ പമ്പുകളുണ്ട്. അതിൽ ഒരു ബിനാമിയാണ് ദിവ്യയുടെ ഭർത്താവ്. എ.ഡി.എം. സത്യസന്ധനായിരുന്നു. അദ്ദേഹം പി. ശശിയുടെ ഇടപെടലുകളെ എതിർത്തിരുന്നു.

നവീൻ ബാബു തന്നെയാണ് കണ്ണൂരിൽ പ്രവർത്തിക്കാൻ കഴിയില്ലെന്ന് പറയുന്നത്. അദ്ദേഹം സ്ഥലം മാറി പോകുന്ന ഘട്ടത്തിലാണ് എ.ഡി.എമ്മിന് ഒരു പണി കൊടുക്കണമെന്ന് ശശി ആലോചിക്കുന്നത്'. ഇങ്ങനെയൊരു കൈക്കൂലിക്കാരനാണ് ഈ ജില്ലയിലേക്ക് ട്രാൻസ്ഫറായി വരുന്നതെന്ന് പൊതുസമൂഹത്തെ അറിയിക്കാനാണ് ദിവ്യയെ ശശി ഉപയോഗിച്ചതെന്നും പി.വി അൻവർ ആരോപിച്ചു.

'ശശിയുടെ സ്വാർഥത ഇന്ന് മലയാളികൾക്കാകെ മാനസിക വിഷമമുണ്ടാക്കിയിരിക്കുന്നു. ആ കുടുംബത്തിനുണ്ടായ നഷ്ടം നികത്താൻ സർക്കാരിന് എന്ത് ചെയ്യാൻ കഴിയും. കൃത്യമായ അന്വേഷണവും ഇക്കാര്യത്തിൽ നടക്കുന്നില്ല. അദ്ദേഹം അഴിമതിക്കാരനാണെന്ന് പറഞ്ഞ് മുമ്പ് പരാതി കിട്ടിയതായി അവിടെ കള്ളപ്പരാതിയുണ്ടാക്കുന്നു'. അതിന് രജിസ്റ്ററുണ്ടാക്കാനാണ് ഇപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസ് ശ്രമിക്കുന്നതെന്നും അൻവർ ആരോപിച്ചു.

പാലക്കാട് നടത്തിയ വാർത്താ സമ്മേളനത്തിലാണ് അൻവറിന്റെ ആരോപണം.

'കണ്ണൂരിൽ പി ശശിയുടെ നേതൃത്വത്തിലുള്ള പല അനധികൃത കാര്യങ്ങൾക്കും അനുമതി കൊടുക്കാൻ എഡിഎം തയ്യാറായിരുന്നില്ല.

ഇതിന്റെ പേരിൽ എഡിഎമ്മിന് പണി കൊടുക്കാൻ പി പി ദിവ്യയെ അയച്ചത് പി ശശിയാണ്. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി ഗുണ്ടാ സംഘത്തിന്റെ തലവനാണ്'.– അദ്ദേഹം പറഞ്ഞു.

അധ്യാപിക അറസ്റ്റിൽ

തൃശൂർ: തൃശൂരിൽ അഞ്ച് വയസുകാരനെ ക്രൂരമായി മർദിച്ച സംഭവത്തിൽ അധ്യാപികയെ അറസ്റ്റ് ചെയ്തു. നെടുപുഴ പോലീസ് ഇന്നലെ രാത്രിയോടെയാണ് അധ്യാപികയെ അറസ്റ്റ് ചെയ്തത്. മുൻകൂർ ജാമ്യം ലഭിക്കാത്തതിനെ തുടർന്ന് തൃശൂർ കുര്യച്ചിറ സെൻറ് ജോസഫ് യുപി സ്കൂളിലെ അധ്യാപിക തിരൂർ സ്വദേശിനി സെലിൻ രാത്രിയോടെ പോലീസ് സ്റ്റേഷനിൽ കീഴടങ്ങുകയായിരുന്നു.

റെക്കോർഡ് ഭേദിച്ച് സ്വർണവില

തൃശൂർ: സംസ്ഥാനത്ത് റെക്കോർഡുകൾ ഭേദിച്ച് സ്വർണവില കുതിക്കുന്നു. 57,000 കടന്നും കുതിക്കുന്ന സ്വർണവില ഇന്ന് പവന് 160 രൂപയാണ് വർധിച്ചത്. 57,280 രൂപയാണ് ഒരു പവൻ സ്വർണത്തിന്റെ വില. ഗ്രാമിന് 20 രൂപയാണ് വർധിച്ചത്. 7160 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില.

ഇറാനെ പൂർണമായി തകർക്കാൻ ഇസ്രയേലിന്റെ വജ്രായുധം; കഴിഞ്ഞ 20 വർഷമായുള്ള തയ്യാറെടുപ്പ്

ടെൽ അവീവ്: ഹമാസ്, ഹിസ്ബുള്ള, ഇറാൻ എന്നിങ്ങനെ മൂന്ന് ശത്രുക്കളുമായി ഒരേസമയം യുദ്ധത്തിലേർപ്പെട്ടിരിക്കുകയാണ് ഇസ്രയേൽ. എന്നാൽ ഇറാനുമായുള്ള ഇസ്രയേലിന്റെ ശത്രുത പെട്ടെന്നുണ്ടായതല്ല. കഴിഞ്ഞ 20 വർഷമായി ഇറാനെ പൂർണമായി നശിപ്പിക്കാനുള്ള പദ്ധതികൾ രഹസ്യമായി തയ്യാറാക്കുകയാണ് ഇസ്രയേൽ. പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ ഒരു മൂളലിനായി കാത്തിരിക്കുകയാണ് സൈന്യം എന്നാണ് റിപ്പോർട്ടുകൾ പുറത്തുവരുന്നത്.

സൈന്യത്തിന്റെ രഹസ്യാന്വേഷണ വിഭാഗം കൈമാറിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നെതന്യാഹുവിന്റെ പക്കൽ ആക്രമണം നടത്താനുള്ള തന്ത്രപരമായ സ്ഥലങ്ങളുടെ ഹിറ്റ് ലിസ്റ്റ് ഉണ്ടെന്ന് മാദ്ധ്യമ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇറാനെ മുട്ടുകുത്തിക്കാൻ ഇസ്രയേൽ വർഷങ്ങളായി രഹസ്യ ദൗത്യത്തിലാണെന്നത് നിലവിൽ പരസ്യമായ രഹസ്യമാണ്.

ദശലക്ഷക്കണത്തിന് ഡോളറുകൾ മുടക്കി അത്യാധുനിക ആയുധങ്ങൾ ശേഖരിക്കുകയാണ് ഇസ്രയേൽ. എളുപ്പത്തിൽ കണ്ടെത്താനാകാത്ത തരത്തിലെ മിസൈലുകളും ഇതിൽ ഉൾപ്പെടുന്നു. ഇസ്രയേൽ മറ്റ് രാജ്യങ്ങളിലേയ്ക്ക് ഇവയിൽ പലതും കയറ്റി അയച്ചപ്പോൾ മാത്രമാണ് വിവരങ്ങൾ പുറത്തുവന്നത്.

ഇറാനെ ലക്ഷ്യംവച്ച് മാത്രമായി നിർമിച്ച അത്യാധുനിക, ഉഗ്ര ആക്രമണശേഷിയുള്ള ആയുധങ്ങൾ ഇസ്രയേലിന്റെ പക്കലുണ്ടെന്നാണ് വിവരം. ടെൽ അവീവിൽ നിന്ന് 1,800 കിലോമീറ്റർ അകലെയുള്ള യെമനിൽ കഴിഞ്ഞ മാസം നടന്ന ഇസ്രയേൽ നടത്തിയ ആക്രമണത്തിലാണ് ഇത്തരത്തിലെ പ്രത്യേക ആയുധം ലോകശ്രദ്ധ നേടുന്നത്. ഇറാനെ മനസിൽ കണ്ട് ഇസ്രയേൽ തങ്ങളുടെ എഫ് 15 ഫൈറ്റർ ജെറ്റുകളുടെ ശേഷി വർദ്ധിപ്പിക്കുകയാണെന്നും വിവരമുണ്ട്.

ഇറാനെ തകർക്കാൻ മാത്രമായി ഇസ്രയേൽ വികസിപ്പിച്ച മറ്റൊരു മാരക ആയുധം ഇപ്പോഴും ലോകത്തിന്റെ കണ്ണിൽപ്പെടാതെ ഒളിഞ്ഞിരിപ്പുണ്ട്. ജെറിക്കോ മിസൈൽ എന്ന പേരിലുള്ള മിസൈലിന്റെ പ്രത്യേകത അതിന്റെ കൃത്യതയും വിനാശകരമായ പ്രത്യാഘാതങ്ങളുമാണ്. ഇറാന്റെ എണ്ണ ഉത്പാദനത്തെവരെ തുരന്ന് തകർക്കാൻ കഴിയുന്ന ബങ്കർ ബസ്റ്റിംഗ് ബോംബുകളാണ് ഇസ്രയേലിന്റെ മറ്റൊരു ശക്തി.

ഇസ്രയേലിന്റെ പക്കൽ പോപ്പി ടർബോ ക്രൂയിസ് മിസൈൽ ഉണ്ടെന്നും റിപ്പോർട്ടുകൾ പറയുന്നു. 1500 കിലോമീറ്റർ അകലെയുള്ള ലക്ഷ്യങ്ങളെവരെ ഇവയ്ക്ക് ആക്രമിക്കാൻ കഴിയും. റഡാറുകളിൽ ഇവയെ കണ്ടെത്താൻ സാധിക്കില്ലെന്നാണ് വിദഗ്ധർ പറയുന്നത്.

നവീൻ ബാബു വീട്ടിലെത്തി, യാത്ര അവസാനിപ്പിച്ച് ചേതനയറ്റ്... വിതുമ്പി നാട്

മലയാലപ്പുഴ: അച്ഛനെ കാത്തിരുന്ന മക്കൾക്ക് മുന്നിലേക്ക്, നല്ലപാതിയെ കാത്തിരുന്ന മഞ്ജുഷയ്ക്ക് മുന്നിലേക്ക് ഇനി ഒരിക്കലും കയറി വരാത്ത വഴികളിലൂടെ ജീവനറ്റ് നവീൻ എത്തി. ഇങ്ങനെയൊരു മടങ്ങിവരവിനായിരുന്നില്ല ആ നാടും വീടും കാത്തിരുന്നത്. നിറഞ്ഞ പുഞ്ചിരിയോടെ, സ്വസ്ഥതയോടെ നാട്ടിലേക്ക് മടങ്ങിവരേണ്ടിയിരുന്നിടത്തേക്ക് വെള്ളപുതച്ച് നവീനെ കൊണ്ടുവന്നപ്പോൾ നാടും നാട്ടുകാരും ഉള്ളുലഞ്ഞ് കരഞ്ഞു. മണിക്കൂറുകളായി അടക്കിപ്പിടിച്ച കരച്ചിലുകൾ കണ്ണീരായി ഒഴുകി.

ഇന്ന് രാവിലെ 11.30 ഓടെയാണ് നവീൻ ബാബുവിന്റെ മൃതദേഹം മലയാലപ്പുഴയിലെ അദ്ദേഹത്തിന്റെ വീട്ടിലെത്തിച്ചത്. രാവിലെ മുതൽ കളക്ടറേറ്റിൽ നടന്ന പൊതുദർശനത്തിന് ശേഷമായിരുന്നു മൃതദേഹം വീട്ടിലെത്തിച്ചത്. കണ്ണൂരിൽ നിന്ന് പത്തനംതിട്ടയിലേക്ക് സ്ഥലം മാറിയെത്തുന്ന നവീനെ സ്വീകരിക്കാൻ സഹപ്രവർത്തകർ മാലയും ബൊക്കെയുമെല്ലാം കഴിഞ്ഞദിവസം തന്നെ ഓർഡർ ചെയ്തിരുന്നു. എന്നാൽ നവീന്റെ മൃതദേഹം സ്വീകരിക്കാനായിരുന്നു കളക്ടറേറ്റിന്റേയും സഹപ്രവർത്തകരുടേയും നിയോഗം.

കളക്ടറേറ്റിൽ നടന്ന പൊതുദർശന ചടങ്ങിലേക്ക് നൂറുകണക്കിന് ആളുകളാണ് അവസാനമായി നവീനെ കാണാനെത്തിയത്. രാവിലെ മുതൽ അനുഭവപ്പെട്ട നീണ്ട തിരക്കിന് ശേഷം മൃതദേഹം അകമ്പടിയോടെ വീട്ടിലേക്കെത്തിച്ചു.

പൊതുദർശനത്തിന് ശേഷം മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിക്കും.

ബുധനാഴ്ച ഉച്ചയ്ക്ക് പന്ത്രണ്ടോടെയാണ് കണ്ണൂരിൽനിന്ന് മൃതദേഹം ആംബുലൻസിൽ പത്തനംതിട്ട ക്രിസ്ത്യൻ മെഡിക്കൽ സെന്റർ ആശുപത്രിയിൽ എത്തിച്ചത്. മൃതദേഹം മോർച്ചറിയിലേക്കു മാറ്റി.

കണ്ണൂർ കളക്ടർ അരുൺ കെ. വിജയൻ, സി.പി.എം. കണ്ണൂർ ജില്ലാസെക്രട്ടറി എം.വി. ജയരാജൻ, നവീന്റെ സഹോദരൻ അഡ്വ. കെ. പ്രവീൺ ബാബു, ബന്ധുക്കൾ എന്നിവർ മൃതദേഹത്തെ അനുഗമിച്ചിരുന്നു.

ഇടതുപക്ഷത്തിനൊപ്പമെന്ന് സരിൻ, സിപിഎം പറഞ്ഞാൽ മത്സരിക്കും; പുറത്താക്കി കോൺഗ്രസ്

പാലക്കാട്: ഇടതുപക്ഷത്തിനൊപ്പമെന്ന് വ്യക്തമാക്കി ഡോ. പി സരിൻ. ഈ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനൊപ്പം പ്രവർത്തിക്കുമെന്നും ബിജെപി തന്നെ ബന്ധപ്പെട്ടിരുന്നുവെന്നും അദ്ദേഹം മാദ്ധ്യമങ്ങളോട് പറഞ്ഞു. കെപിസിസി ഡിജിറ്റൽ മീഡിയ സെൽ കൺവീനറായിരുന്നു സരിൻ.

സ്ഥാനാർത്ഥിയാകുന്നത് വിഷയമല്ലെന്നും സിപിഎം ആവശ്യപ്പെട്ടാൽ മത്സരിക്കുമെന്നും സരിൻ കൂട്ടിച്ചേർത്തു. ബിജെപിയെ നേരിടാൻ കോൺഗ്രസ് ദുർബലമാണെന്നും സരിൻ വ്യക്തമാക്കി. പ്രതിപക്ഷ നേതാവ് വി ഡി സതീശനെതിരെ ഗുരുതര ആരോപണവും ഉന്നയിച്ചിരുന്നു.

സതീശൻ പാർട്ടിയെ ഹൈജാക്ക് ചെയ്യുകയാണെന്നും പാർട്ടിയിൽ കാര്യങ്ങൾ തോന്നുംപടിയാണെന്നും സരിൻ പറഞ്ഞു. സതീശൻ പ്രതിപക്ഷ നേതാവായ കഥ അന്വേഷിക്കണം. സതീശന് ധിക്കാരവും ധാർഷ്ഠ്യവുമാണ്. പ്രവർത്തകരോട് ബഹുമാനമില്ലെന്നും സംഘടനാ സംവിധാനം തകരുകയാണെന്നും അദ്ദേഹം ആരോപിച്ചു. അതേസമയം, സരിനെ കോൺഗ്രസ് പുറത്താക്കി. സരിൻ ഗുരുതര അച്ചടക്ക ലംഘനം നടത്തിയെന്ന് ചൂണ്ടിക്കാണിച്ചാണ് നടപടി.

ഷാഫി പറമ്പിൽ വടകര പോയപ്പോൾ തന്നെ രാഹുൽ എംഎൽഎ ഓഫീസ് തുറന്നു. പതിമൂന്നിന് വോട്ടെടുപ്പ് നടന്നാൽ ചിലർക്ക് നേട്ടമുണ്ടാകും. ഉൾപ്പാർട്ടി ജനാധിപത്യത്തെ തകർക്കുകയാണെന്നും സരിൻ കൂട്ടിച്ചേർത്തു.

ദിവ്യയെ തള്ളി സി പി എം; പ്രസ്താവന ഒഴിവാക്കാമായിരുന്നുവെന്ന് എം.വി ഗോവിന്ദൻ

കണ്ണൂർ: അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് (എ.ഡി.എം.) കെ. നവീൻബാബുവിന്റെ മരണത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യയെ തള്ളി സി.പി.എം. ദിവ്യയുടെ പ്രസ്താവന ഒഴിവാക്കേണ്ടതായിരുന്നു എന്ന് സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ പറഞ്ഞു.

വിഷയത്തിൽ അന്വേഷിച്ച് നടപടിയെടുക്കും. ജില്ലാ കമ്മിറ്റി പരിശോധിച്ച ശേഷം നടപടിയെടുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിഷയത്തിൽ പി.പി. ദിവ്യയെ തള്ളി പത്തനംതിട്ട പാർട്ടി കമ്മിറ്റിയും രംഗത്തെത്തിയിരുന്നു. അപക്വമായ നടപടിയാണ് ദിവ്യയുടെ ഭാഗത്ത് നിന്നുമുണ്ടായിരുന്നത്. പാർട്ടിയും സർക്കാരും വിഷയം അന്വേഷിച്ച് നടപടിയെടുക്കും. നവീൻ തങ്ങൾക്ക് ഏറെ പ്രിയപ്പെട്ട വ്യക്തിയാണെന്നും സി.പി.എം ജില്ലാ സെക്രട്ടറി കെ.പി ഉദയഭാനു പറഞ്ഞു.

അതേസമയം, യാത്രയയപ്പ് യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞ കാര്യങ്ങൾ അഴിമതിക്കെതിരായ സദുദ്ദേശപരമായ വിമർശനം മാത്രമാണെന്ന് സി.പി.എം. ജില്ലാ സെക്രട്ടേറിയറ്റ് ചൊവ്വാഴ്ച പത്രക്കുറിപ്പിൽ വ്യക്തമാക്കി.

'തെറ്റായ പ്രവണതകൾ അനുഭവത്തിലുണ്ടായാൽ പലരും ജനപ്രതിനിധികളോട് സങ്കടങ്ങൾ വിവരിക്കാറുണ്ട്. അത്തരം ജനങ്ങളുടെ സങ്കടങ്ങൾ കേട്ടുകൊണ്ടുള്ള പ്രതികരണമാണെങ്കിലും യാത്രയയപ്പ് യോഗത്തിൽ ഇത്തരം പരാമർശങ്ങൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഒഴിവാക്കേണ്ടതായിരുന്നു'. ഉയർന്നുവന്ന പരാതികളെക്കുറിച്ചെല്ലാം സർക്കാർ സമഗ്രമായ അന്വേഷണം നടത്തണമെന്നും ജില്ലാ സെക്രട്ടേറിയറ്റ് അഭ്യർഥിച്ചു.

ആരിഫ് മുഹമ്മദ് ഖാൻ മാറിയേക്കും; ദേവേന്ദ്ര കുമാർ ജോഷി പരിഗണനയിൽ

ന്യൂഡൽഹി: വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഗവർണർ പദവികളിൽ അഴിച്ചുപണിക്ക് സാദ്ധ്യത. കേരളം, ഉത്തർപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ഗവർണർമാർ പദവിയിൽ തുടർച്ചയായി മൂന്ന് മുതൽ അഞ്ച് വർഷം വരെ പിന്നിട്ട സാഹചര്യത്തിലാണ് പുനഃസംഘടനയുണ്ടായേക്കുമെന്ന റിപ്പോർട്ടുകൾ പുറത്തുവരുന്നത്.

കേരള ഗവർണറായി ആരിഫ് മുഹമ്മദ് ഖാൻ ചുമതലയേറ്റെടുത്ത് 5 വർഷം പിന്നിട്ടു. ആരിഫ് മുഹമ്മദ് ഖാനെ മാറ്റി ഗവർണർ സ്ഥാനമോ മറ്റൊരു പദവിയോ നൽകുമെന്ന് സൂചനയുണ്ട്. നിലവിൽ ആന്റമാൻ നിക്കോബാറിന്റെ ലഫ്. ജനറലായ ദേവേന്ദ്ര കുമാർ ജോഷിക്ക് കേരളത്തിന്റെയോ ജമ്മു കാശ്മീരിന്റെയോ ചുമതല നൽകിയേക്കും. നാവികസേന മുൻ മേധാവി കൂടിയാണ് ദേവേന്ദ്ര കുമാർ ജോഷി.

ജമ്മു കാശ്മീരിൽ നാല് വർഷത്തിലേറെയായി ലഫ്. ഗവർണർ മനോജ് സിൻഹയ്ക്കായിരുന്നു ഭരണചുമതല. ജമ്മു കാശ്മീരിൽ രാം മാധവ് പുതിയതായി ചുമതലയേൽക്കുമെന്നാണ് സൂചനകൾ. ബിജെപിയുടെ മുൻ ദേശീയ സെക്രട്ടറി ആണ് രാം മാധവ്. ആനന്ദിബെൻ പട്ടേൽ 5വർഷത്തിലേറെയായി ഉത്തർപ്രദേശ് ഗവർണർ ആയി പ്രവർത്തിക്കുകയാണ്. ഗോവ ഗവർണർ പിഎസ് ശ്രീധരൻ പിള്ള. ഹരിയാന ഗവർണർ ബന്ദാരു ദത്താത്രേയ, തമിഴ്നാട് ഗവർണർ ആർ എൻ രവി എന്നിവർ മൂന്ന് വർഷം വീതം ഒരേ പദവിയിലാണുള്ളത്. ഇതിലും മാറ്റമുണ്ടായേക്കും.

ജമ്മു കാശ്മീരിലെയും ഹരിയാനയിലെയും പുതിയ സർക്കാർ രൂപീകരണത്തിന് ശേഷമോ മഹാരാഷ്ട്രയിലെയും ജാർഖണ്ഡിലെയും നിയമസഭാ തിരഞ്ഞെടുപ്പിന് ശേഷമോ ആയിരിക്കും പുനഃസംഘടന നടക്കുക എന്നാണ് ഔദ്യോഗിക വൃത്തങ്ങളെ ഉദ്ധരിച്ച് ന്യൂ ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

തുടരെ തുടരെ ബോംബ് ഭീഷണികൾ; ഓരോ മണിക്കൂറിലും വിമാനക്കമ്പനികൾക്ക് നഷ്ടം വരുന്നത് വൻതുക

അബുദാബി: ഒരാഴ്ചക്കിടെ രാജ്യത്തെ 12 രാജ്യാന്തര, ആഭ്യന്തര വിമാന സർവീസുകൾക്കുനേരെയാണ് ബോംബ് ഭീഷണി ഉയർന്നത്. മുംബയിൽ നിന്നുള്ള മൂന്ന് രാജ്യാന്തര വിമാനങ്ങൾക്കായിരുന്നു തിങ്കളാഴ്ചത്തെ ബോംബ് ഭീഷണി. ചൊവ്വാഴ്ച 8വിമാനങ്ങൾക്കും ഇന്നലെ ഒരു വിമാനത്തിനും. ഇത്തരം ബോംബ് ഭീഷണികളെ നിസാരമായി കാണാൻ സാധിക്കില്ല. ബോംബ് ഭീഷണി മുഴക്കുന്നവരെ കണ്ടെത്തുകയും ബോംബ് നിർവീര്യമാക്കിയതായി അധികൃതർ ഉറപ്പിക്കുകയും ചെയ്യുന്നവരെ ഭീഷണി യഥാർത്ഥമായി തന്നെയാണ് കണക്കാക്കുന്നത്. ഒരോ മണിക്കൂറിലും 20,000 ഡോളർ (ഏകദേശം 17 ലക്ഷം രൂപ) മുതൽ 200,000 ഡോളർ (ഏകദേശം 1.70 കോടി രൂപ) വരെയാണ് വിമാനക്കമ്പനികൾക്ക് ചെലവ് വഹിക്കേണ്ടതായി വരുന്നത്.

നവീനൊരു പാവത്താനാണ്, ഇനിയില്ലെന്ന് വിശ്വസിക്കാൻ കഴിയുന്നില്ല; വിങ്ങിപ്പൊട്ടി ദിവ്യ എസ്. അയ്യർ

റാന്നി: കണ്ണൂർ എഡിഎമ്മായിരുന്ന നവീൻ ബാബുവിന്റെ പൊതുദർശന ചടങ്ങിൽ വിങ്ങിപ്പൊട്ടി സഹപ്രവർത്തകർ. പത്തനംതിട്ട കളക്ടറേറ്റിൽ വികാരനിർഭരമായ യാത്രയയപ്പാണ് തങ്ങളുടെ പഴയ സഹപ്രവർത്തകന് അവർ നൽകിയത്. അവസാനമായി നവീനെ ഒരുനോക്ക് കാണാനെത്തിയ സുഹൃത്തുക്കളിൽ പലരും ദുഃഖം സഹിക്കാൻ കഴിയാതെ പൊട്ടിക്കരഞ്ഞു. വിതുമ്പിക്കരഞ്ഞുകൊണ്ടാണ് മുൻ കളക്ടർ ദിവ്യ എസ്. അയ്യർ നവീൻ ബാബുവിന് അന്തിമോപചാരം അർപ്പിച്ചത്.

നവീൻ ഒരു പാവത്താനായിരുന്നുവെന്നും മരണം വിശ്വസിക്കാൻ കഴിയുന്നില്ലെന്നും ദിവ്യ പ്രതികരിച്ചു. 'ഒറ്റക്കുടുംബമായാണ് ഞങ്ങൾ പ്രവർത്തിച്ചിരുന്നത്. ഒരു വീട്ടിൽ കഴിയുന്നത് പോലെയാണ് ഞങ്ങൾ സംസാരിച്ചിരുന്നതും ഭക്ഷണം കഴിച്ചിരുന്നതും ജോലി ചെയ്തിരുന്നതുമെല്ലാം. ഞങ്ങളറിഞ്ഞ മനുഷ്യനെ കുറിച്ച് പ്രചരിക്കുന്ന കാര്യങ്ങളൊന്നും എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. ഞങ്ങളുടെ കൂടെ നിർലോഭം പ്രവർത്തിച്ചയാളാണ്, ഒരു പാവത്താനാണ്. ഒരു മനുഷ്യനെ പോലും കുത്തിനോവിക്കാനാവാത്ത ആരോടും മുഖം കറുപ്പിക്കാനാവാത്ത എപ്പോഴും ഒരു ചെറിയ മന്ദസ്മിതത്തോടെ മാത്രമായിരുന്നു നവീനെ കണ്ടിരുന്നത്. കാസർകോട്ടേക്ക് ഡെപ്യൂട്ടി കളക്ടറായി പ്രൊമോഷൻ കിട്ടിയപ്പോൾ കലക്ടറേറ്റിൽ വെച്ചാണ് അവസാനമായി നവീനെ കാണുന്നത്. അന്ന് ഞങ്ങൾ ഒരുമിച്ച് ഫോട്ടോയൊക്കെ എടുത്തു, പിന്നെ കണ്ടിട്ടില്ല. മെസേജ് അയച്ചിരുന്നു. നവീൻ ഇനിയില്ലെന്ന് വിശ്വസിക്കാൻ കഴിയുന്നില്ല' ദിവ്യ പ്രതികരിച്ചു.

കണ്ണൂർ എഡിഎം നവീൻ ബാബുവിന്റെ മരണവിവരം പുറത്തുവന്ന ദിവസം ഒരുമിച്ചുള്ള ചിത്രം പങ്കുവെച്ചുകൊണ്ട് വൈകാരികമായ കുറിപ്പ് ദിവ്യ എസ് അയ്യർ സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ചിരുന്നു. വിശ്വസിക്കാനാകുന്നില്ല നവീനേ എന്ന് പറഞ്ഞുകൊണ്ടാണ് കുറിപ്പ് ആരംഭിക്കുന്നത്. 'എന്നും ഞങ്ങൾക്ക് ഒരു ബലം ആയിരുന്നു തഹസീൽദാർ എന്ന നിലയിൽ റാന്നിയിൽ നവീന്റെ പ്രവർത്തനം. ഏതു പാതി രാത്രിയും, ഏതു വിഷയത്തിലും കർമ്മനിരതനായി ഈ ചിത്രങ്ങളിൽ എന്നപോലെ ഗോപ്യമായി, സൗമ്യനായി, നവീൻ എന്ന പ്രിയപ്പെട്ട മികച്ച സഹപ്രവർത്തകൻ ഉണ്ടാകും. ഇനി എന്നെന്നേക്കുമായി കാണാമറയത്തു പോയെന്നോർക്കുമ്പോൾ... അമ്മ മരണപ്പെട്ട തരുണത്തിൽ ഞാൻ നവീന്റെ വീട്ടിൽ പോയിരുന്നു. എത്ര മാത്രം തന്റെ അമ്മയെ ആദരിച്ചിരുന്ന മകൻ ആയിരുന്നു നവീൻ എന്നു അന്നു ഞാൻ തിരിച്ചറിഞ്ഞു. മഞ്ജുഷയെയും കുഞ്ഞുങ്ങളെയും ആശ്വസിപ്പിക്കാൻ വാക്കുകളില്ല'. ദുഃഖം പേറുവാൻ ഞങ്ങളും ഒപ്പമുണ്ട് എന്നായിരുന്നു ദിവ്യ എസ് അയ്യർ കുറിച്ചത്.

മന്ത്രി വീണ ജോർജും കണ്ണിൽ ഈറനണിഞ്ഞുകൊണ്ടാണ് നവീൻ ബാബുവിന് അന്തിമോപചാരമർപ്പിച്ചത്. ബുധനാഴ്ചയാണ് നവീൻ ബാബുവിന്റെ മൃതദേഹം കണ്ണൂരിൽ നിന്ന് പത്തനംതിട്ടയിലെത്തിച്ചത്.

COURT NOTICE

BEFORE THE HON'BLE ARBITRATOR
SRI. T.B.SIVAPRASAD. (RTD. DIST. JUDGE)
CENTRE FOR CONCILATION, ARBITRATION AND MEDIATION (C-CAM) THRISSUR-3

AC No. 29/2023

കല്ലട ജനറൽ ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്

-ഹരജിക്കാരൻ

Mrs. Nisha Diju മുതൽ പേർ

-എതൃകക്ഷികൾ

തൃശൂർ ജില്ല, മുകുന്ദപുരം താലൂക്ക്, കാടുകുറ്റി വില്ലേജ്, കാടുകുറ്റി പി ഒ., വടക്കൂടൻ വീട്ടിൽ ഷാജു ഭാര്യ ഷീജ ഷാജു

-3-ാം എതൃകക്ഷി

എതൃകക്ഷികൾ ഹരജി സ്ഥാപനത്തിലേക്ക് ഒപ്പിട്ട് കൊടുത്ത Loan agreement പ്രകാരം ഹരജി സ്ഥാപനത്തിലേക്ക് വരേണ്ടുന്ന സംഖ്യകൾ പിരിച്ചെടുക്കുവാനായി ബോധിപ്പിച്ചിരിക്കുന്ന മേൽ നമ്പർ ഹരജി കാര്യത്തിൽ മൂന്നാം എതൃകക്ഷിക്കുള്ള നോട്ടീസ് കല്പന പത്രത്തിൽ പരസ്യം ചെയ്തു നടത്തുവാൻ അനുവദിച്ച് വിചാരണക്കായി **19-10-2024** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. ഈ കാര്യത്തിൽ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ അന്നേദിവസം ഉച്ചതിരിഞ്ഞ് 2.30ന് Camp Sitting Venue Irinjalakuda Recreation Club, Near Sindhu Theature, Ayyankavu Temple Road, Irinjalakuda, Thrissurൽ നേരിട്ടോ ഏജന്റ് മുഖാന്തിരമോ ആർബിട്രേറ്റർ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം താങ്കളെ കൂടാതെ ഹരജി തീർപ്പ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

തകർന്ന് കിടക്കുന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് പ്രഥമപരിഗണന: ചെയർപേഴ്സൺ മേരിക്കുട്ടി ജോയ്

ഇരിങ്ങാലക്കുട : തകർന്ന് കിടക്കുന്ന ഇരിങ്ങാലക്കുട നഗരസഭ പരിധിയിലെ റോഡുകൾ പുനർനിർമ്മിക്കുന്നതിന് പ്രഥമ പരിഗണന നൽകുമെന്ന് നഗരസഭ ചെയർപേഴ്സൺ മേരിക്കുട്ടി ജോയി. പ്രസ് ക്ലബിൽ നൽകിയ സ്വീകരണത്തിന് ശേഷം മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു ചെയർപേഴ്സൺ. തൃശ്ശൂർ - കൊടുങ്ങല്ലൂർ റോഡ് നവീകരണത്തിന്റെ ഭാഗമായി റാണാ- പൂതംക്കുളത്ത് നടക്കുന്ന നിർമ്മാണ പ്രവർത്തനം നീളുന്നതിന് നഗരസഭയെ പഴിക്കുന്ന കെഎസ്ടിപി നിലപാട് ശരിയല്ല. നഗരസഭ ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച് ഒരു അറിയിപ്പും മുൻകൂട്ടി ലഭിച്ചിട്ടില്ല. മന്ത്രി വിളിച്ച യോഗത്തിൽ ഇക്കാര്യം വിശദീകരിച്ചതിന് ശേഷം കത്ത് ലഭിച്ചത് ഒക്ടോബർ 5 ന് മാത്രമാണ്.

ബൈപ്പാസ് റോഡിന്റെ അറ്റകുറ്റപ്പണികളുടെ ടെണ്ടർ ആയിട്ടുണ്ട്. ബൈപ്പാസ് റോഡിനെയും ബ്രദർ മിഷൻ റോഡിനെയും ബന്ധിപ്പിക്കുന്ന റോഡിന്റെ സ്കെച്ച് തയ്യാറാക്കി വരികയാണ്. നേരത്തെ ഉദ്ഘാടനം പൂർത്തിയായ ഷീ ലോഡ്ജിന്റെ ബൈലോ തയ്യാറാകേണ്ടതുണ്ട്. വികസന പ്രവർത്തനങ്ങളിൽ പ്രതിപക്ഷത്തിന്റെ സഹകരണം ഉറപ്പാക്കുമെന്നും ചെയർപേഴ്സൺ അറിയിച്ചു വൈസ് - ചെയർപേഴ്സൺ ബൈജു കുറ്റിക്കാടൻ, ഭരണകക്ഷി അംഗങ്ങൾ എന്നിവരും ഒപ്പം ഉണ്ടായിരുന്നു

സാമൂഹ്യ ഐക്യദാർഢ്യം പക്ഷാചരണത്തിന്റെ ഭാഗമായി സെമിനാർ സംഘടിപ്പിച്ചു

അവിണിശ്ശേരി. അടിസ്ഥാന ജനവിഭാഗങ്ങളെ പൊതുധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ ലക്ഷ്യമിട്ടുള്ള സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം ഗാന്ധിജയന്തി ദിനത്തിൽ തുടങ്ങി.ഒക്ടോബർ 2 മുതൽ ഒക്ടോബർ 16 വരെ മെഡിക്കൽ ക്യാമ്പ്, സെമിനാർ എന്നീ പരിപാടികളോടെ ആചരിച്ചു. മാറുന്ന ലോകത്തിനൊപ്പം മുന്നേറാം നമുക്കൊന്നായി എന്നതാണ് ഈ വർഷത്തെ ഐക്യദാർഢ്യ സന്ദേശം. പട്ടികജാതി വികസന വകുപ്പ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന വിവിധതരം പദ്ധതികളെ കുറിച്ച് ക്ലാസ് എടുത്തുകൊണ്ട് ആനക്കല്ല് ദീപം നഗറിൽ വെച്ച് നടത്തിയ പരിപാടി അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻ കെ എ പ്രദീപ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ നിത്യ ജയരാജൻ മുഖ്യ അതിഥിയായി. ഗ്രാമപഞ്ചായത്ത് മെമ്പർ എ ആർ രാജു,എ ഡി എസ് മെമ്പർ ധന്യ സുധീർ എന്നിവർ ആശംസ നേർന്ന് സംസാരിച്ചു. മെമ്പർ കെ ആർ വാസു അധ്യക്ഷത വഹിച്ചു.

ഉപജില്ല സ്കൂൾ കലോൽസവം സംഘാടക സമിതി രൂപീകരിച്ചു

ഇരിങ്ങാലക്കുട : വിദ്യാഭ്യാസ ഉപജില്ല സ്കൂൾ കലോത്സവം നവംബർ 5 മുതൽ 8 വരെ സെൻറ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും.

കലോത്സവത്തിന്റെ സ്വാഗതസംഘ രൂപീകരണ യോഗം ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലളിതാ ബാലന്റെ അധ്യക്ഷതയിൽ മുനിസിപ്പൽ വൈസ് ചെയർമാൻ ബൈജു കുറ്റിക്കാടൻ ഉദ്ഘാടനം ചെയ്തു . സ്കൂൾ മാനേജർ ഫാദർ ഡോ. ലാസർ കുറ്റിക്കാടൻ മുഖ്യ പ്രഭാഷണം നടത്തി. കൗൺസിലർ ഫെനി എബിൻ വെള്ളാനിക്കാരൻ ,

ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ഡോ. എം.സി. നിഷ , പ്രിൻസിപ്പൽ ആൻസൻ ഡോമിനിക് പി, ഹെഡ് മിസ്ട്രസ് റീജ ജോസ്, ബി.പി. സി. സത്യപാലൻ , ഇ. കെ. വിനോദ് , ഷാജി എം.ജെ. പി. ജെ. തോമസ് എന്നിവർ പ്രസംഗിച്ചു.

സംഘാടക സമിതി : മേരിക്കുട്ടി ജോയ് (നഗരസഭ ചെയർപേഴ്സൺ) ചെയർ പേഴ്സൺ , ആൻസൻ ഡോമിനിക്. പി (പ്രിൻസിപ്പൽ) ജനറൽ കൺവീനർ, ഡോ എം.സി. നിഷ (എ.ഇ.ഒ) ട്രഷറർ.

വിദ്യാഭ്യാസ ഉപജില്ല ഓഫീസിനു മുന്നിൽ പ്രതിഷേധ ധർണ്ണ നടത്തി



ഇരിങ്ങാലക്കുട : എയ്ഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങളുടെ ശമ്പള ബിൽ കൗണ്ടർ സൈൻ ചെയ്യണമെന്ന ഉത്തരവ് സർക്കാർ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് വിദ്യഭ്യാസ ഉപജില്ലയിലെ കേരള പ്രൈവറ്റ് പ്രൈമറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ, കേരള എയ്ഡഡ് സ്കൂൾ നോൺ ടീച്ചിങ് സ്റ്റാഫ് അസോസിയേഷൻ എന്നീ സംഘടനകൾ സംയുക്തമായി വിദ്യഭ്യാസ ഉപജില്ല ഓഫീസിന് മുൻവശം നടത്തിയ പ്രതിഷേധ ധർണ്ണ കെ. പി. പി.എച്ച്.എ. ജില്ല സെക്രട്ടറി സിന്ധു മേനോൻ ഉദ്ഘാടനം ചെയ്തു. എൻ .ടി. എസ്. എ. വിദ്യഭ്യാസ ജില്ല പ്രസിഡണ്ട് പി.എ. ബിജു അധ്യക്ഷത വഹിച്ചു. കെ. ഐ. റീന, അബ്ദുൾ ഹമീദ്, എം.കെ. സുനജ, കെ. ജെ. ഷിജു എന്നിവർ പ്രസംഗിച്ചു.

സ്പോട്ട് ബുക്കിംഗ് പുനഃസ്ഥാപിച്ചു

തൃശ്ശൂർ : ശബരിമലയിൽ സ്പോട്ട് ബുക്കിംഗ് പുന:സ്ഥാപിച്ചു.കടുത്ത പ്രതിഷേധത്തെ തുടർന്നാണ് സ്പോട്ട് ബുക്കിംഗിന് സർക്കാർ വഴങ്ങിയത്

പ്രതിദിനം 10,000 പേർക്കാണ് സ്പോട്ട് ബുക്കിംഗ് വഴി ദർശനം അനുവദിച്ചിരിക്കുന്നത്. സ്പോട്ട് ബുക്കിംഗിനായി വെർചൽ ക്യൂ ബുക്കിംഗ് കുറച്ചു.

വെർചൽ ക്യൂ ബുക്കിംഗ് പ്രതിദിനം 80,000 ത്തിൽ നിന്ന് 70,000 ആയി കുറച്ചു

വള്ളത്തോളിന്റെ ജന്മദിനത്തിൽ സാക്ഷി അനുസ്മരണ സമ്മേളനം നടത്തി

തൃശൂർ: - മഹാകവി വള്ളത്തോളിന്റെ ജന്മദിനത്തിൽ സാക്ഷിയുടെ നേതൃത്വത്തിൽ കേരള സാഹിത്യ അക്കാദമിയിൽ നടന്ന വള്ളത്തോൾ അനുസ്മരണ സമ്മേളനം സാഹിത്യ അക്കാദമി പ്രസിഡന്റ് പ്രൊഫ.സച്ചിദാനന്ദൻ ഉൽഘാടനം ചെയ്തു. സാക്ഷി വൈസ് പ്രസിഡണ്ട്

ഇന്ദിരാദേവി അദ്ധ്യക്ഷത വഹിച്ചു. പി. ബാലചന്ദ്രൻ എം.എൽ.എ. 2024 ലെ വിജയി സിജി നാരായണന് വള്ളത്തോൾ പുരസ്കാരവും, വള്ളത്തോൾ രവീന്ദ്രനാഥ് ക്യാഷ് അവാർഡും,സാക്ഷി ജനറൽ സെക്രട്ടറി അനസ്ബി പ്രശസ്തി പത്രവും നൽകി. സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം മുഖ്യ പ്രഭാഷണവും,കവയിത്രി ഷൈലജ സീന ആമുഖ പ്രഭാഷണവും നടത്തി. പുഷ്പാർച്ചനയ്ക്കായ് പ്രശസ്ത ശിൽപി ആർ. ശ്രീകുമാർ തയ്യാറാക്കിയ മഹാകവിയുടെ ശിൽപം അക്കാദമിക്ക് സമ്മാനിച്ചു.

ചടങ്ങിൽ മഹാകവിയുടെ സ്മരണാർത്ഥം സാക്ഷി പുറത്തിറക്കിയ കവിതാ സമാഹാരം സ്നേഹാമൃതം പ്രകാശനം ചെയ്തു. കാനംജയകുമാർ,എളവൂർ വിജയൻ, സുനിൽ നടയ്ക്കൽ ലളിതാ വിജയൻ, സുധാമണി, ദാസ് ഭട്ടതിരി, ദിനേഷ് മാക്കൂൽ,വി.എൻ. സുരേഷ്കുമാർ, രാമവാര്യർ,രാജിവ് ചേമഞ്ചേരി,മുഹമ്മദ് പട്ടിക്കര,സരിത മത്തായി തുടങ്ങിയവർകവിസമ്മേളനത്തിൽ കവിതകൾ അവതരിപ്പിച്ചു.

പാലക്കൽ പള്ളി സുവർണ്ണ ജൂബിലി

തൃശൂർ: പാലക്കൽ വിശുദ്ധ മത്തായിയുടെ ദേവാലയത്തിൽ 1974ൽ സ്ഥാപിതമായ വിശുദ്ധ യൂദാ തദേവൂസ്ശ്ലീഹായുടെ പ്രതിഷ്ഠ തിരുനാളിന്റെ സുവർണ്ണ ജൂബിലിയും രണ്ടായിരത്തിൽ ആരംഭിച്ച വിശുദ്ധന്റെ നാമധേയത്തിൽ നടത്തുന്ന ഊട്ടു തിരുനാളിന്റെ രജത ജൂബിലിയും ഒക്ടോബർ 27ന് ആചരിക്കുന്നു. മുന്നൊരുക്കമായി ഒക്ടോബർ പതിനെട്ടാം തീയതി ജൂബിലി തിരുനാൾ കൊടിയേറ്റവും തുടർന്നുള്ള ദിവസങ്ങളിൽ വൈകിട്ട് 5.30ന് വിശുദ്ധ കുർബാന, ലദീഞ്ഞ്, നൊവേ തിരുശേഷിപ്പ് വന്ദനവു നേർച്ച വിതരണവും ഉണ്ടായിരിക്കും.

26ന് വൈകിട്ട് വിശുദ്ധ കുർബാന, രൂപം എഴുന്നള്ളിക്കൽ, ലദീഞ്ഞ്, നൊവേനയും തിരുനാൾ ദിനമായ ഒക്ടോബർ 27ന് കാലത്ത് ഏഴുമണിക്ക് വിശുദ്ധ കുർബാന, നൊവേന തുടർന്ന് ഊട്ടുവെഞ്ചിരിപ്പും ഊട്ടുസദ്യയും. കാലത്ത് 10 മണിക്ക് ആഘോഷമായ തിരുനാൾ പാട്ടുകുർബാന, നൊവേന തിരുനാൾ പ്രദർശനവും, വൈകിട്ട് ഏഴുമണിക്ക് വിശുദ്ധ കുർബാന, ലദീഞ്ഞ്, നൊവേന തിരുശേഷിപ്പ് വന്ദനം എന്നിവ ഉണ്ടായിരിക്കും.

കടലുണ്ടി റൂഹ റിട്രീറ്റ് ധ്യാനകേന്ദ്രം ഡയറക്ടർ റവ ഫാദർ റാഫേൽ കോക്കോട് സി എം ഐ നയിക്കുന്ന റൂഹ ബൈബിൾ കൺവെൻഷനും തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പും രക്തദാനവും നടത്തപ്പെട്ടു.

വികാരി തള്ളിപ്പറമ്പിൽ ജനറൽ കൺവീനർ സിജോ തറയിൽ, കൈകാരന്മാരായ ലിജോ മരോട്ടിക്കൽ, ബിജോയ് ചക്കാലക്കൽ, മാർട്ടിൻ മുരിങ്ങാത്തുപറമ്പിൽ, ആൻജോ മരോട്ടിക്കൽ, പബ്ലിസിറ്റി കൺവീനർ ഷിന്റോ മാത്യു തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള 501 അംഗ ആഘോഷ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

പ്രാദേശിക മാധ്യമ പ്രവർത്തകരുടെ സെക്രട്ടറിയേറ്റ് മാർച്ച് ചരിത്രമായി

തിരു : പ്രാദേശിക മാധ്യമ പ്രവർത്തകരുടെ പ്രാധാന്യം ഉൾക്കൊള്ളാനും അവർക്ക് ആവശ്യമായ പരിരക്ഷ കൊടുക്കുവാനും സർക്കാർ തയ്യാറാകാത്തതിനെ ആശങ്കയോടെയാണ് കാണുന്നതെന്ന് ഐ.എൻ .ടി.യു.സി സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ പറഞ്ഞു.

കേരള ജേർണലിസ്റ്റ്സ് യൂണിയൻ സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച സെക്രട്ടറിയേറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രാദേശിക മാധ്യമ പ്രവർത്തകർക്കുള്ള ക്ഷേമനിധി സർക്കാരിന്റെ ഔദാര്യമല്ലെന്നും അവരുടെ അവകാശമാണെന്നും തിരിച്ചറിയണം. നാടിന്റെ വികസനത്തിൽ ഭരണകൂടത്തോടൊപ്പം നിർണായക പങ്കു വഹിക്കുന്ന ഈ വിഭാഗത്തെ ഇന്നല്ലെങ്കിൽ നാളെ അംഗീകരിക്കേണ്ടി വരും. പ്രാദേശിക മാധ്യമ പ്രവർത്തകരുടെ അവകാശപോരാട്ടങ്ങൾക്ക് തൊഴിലാളി പ്രസ്ഥാനങ്ങൾ ഒപ്പമുണ്ടാകുമെന്നും ഈ വിഷയത്തിൽ ഐ.എൻ.ടി.യു.സി മുഖ്യമന്ത്രിക്കും തൊഴിൽ വകുപ്പ് മന്ത്രിക്കും കത്തു നൽകുമെന്നും ആർ. 'ചന്ദ്രശേഖരൻ വ്യക്തമാക്കി. തുടർസമരങ്ങൾക്ക് ഐ.എൻ.ടി.യു.സി പിന്തുണ നൽകി ഒപ്പമുണ്ടാകുമെന്നും അവകാശങ്ങൾ നേടിയെടുക്കുക തന്നെ ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന പ്രസിഡന്റ് അനിൽ ബിശ്വാസ് അദ്ധ്യക്ഷത വഹിച്ചു. എ. വിൻസെന്റ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. കെ.ജെ.യു സംസ്ഥാന ജനറൽ സെക്രട്ടറി കെ.സി. സ്മിജൻ, ട്രഷറർ ഇ.പി. രാജീവ്, വൈസ് പ്രസിഡന്റുമാരായ സനൽ അടൂർ, എം.എ. ഷാജി, മണിവസന്തം ശ്രീകുമാർ, പ്രകാശൻ പയ്യന്നൂർ, സെക്രട്ടറിമാരായ ജോഷി അറക്കൽ, പ്രമോദ് രാജപുരം, ദേശീയ സമിതി അംഗങ്ങളായ ആഷിക്ക് മണിയംകുളം, ജോസ് താടിക്കാരൻ, വനിത വിംഗ് കൺവീനർ ആശ കുട്ടപ്പൻ എന്നിവർ സംസാരിച്ചു.

പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്നാരംഭിച്ച മാർച്ചിന് സംസ്ഥാന ഭാരവാഹികൾക്ക് പുറമെ വിവിധ ജില്ലാ ഭാരവാഹികളായ ബോബൻ ബി. കിഴക്കേത്തറ, വർഗീസ് കൊച്ചുപറമ്പിൽ, അശ്വിൻ പഞ്ചക്ഷരി, ബിനോയി വിജയൻ, എം. സുജേഷ്, രാജു കടകരപ്പള്ളി, വാഹിദ് കറ്റാനം, ടി. ഹരിദാസ്, തമ്പി കടത്തുരുത്തി, കെ.ടി. ഹരിദാസ്, ബിജു ലോട്ടസ്, ശശി പെരുമ്പടപ്പിൽ, ലത്തീഫ് കുഞ്ഞാട്ട്, അജീഷ് കർക്കിടകത്ത്, ജോസ് വാവേലി, കാർത്തിക് കൃഷ്ണ, സാജു ചെമ്പേരി, എൻ.എ. സതീഷ്, സുരേഷ് കൂക്കൾ, എസ്.ആർ. ബിനു, പ്രിയ പരമേശ്വരൻ, വനിത വിംഗ് നേതാക്കളായ ജിഷ ബാബു എന്നിവരും നേതൃത്വം നൽകി

കോൺഗ്രസ് പ്രതിഷേധം

തൃശൂർ: എഡിഎം നവീൻ ബാബുവിന്റെ മരണത്തിനുത്തരവാദി കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.പി. ദിവ്യ രാജി വെക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ജില്ലയിലെങ്ങും കോൺഗ്രസ് പ്രതിഷേധം.

ക്ഷണിക്കാത്ത യാത്രയയപ്പ് ചടങ്ങിൽ എത്തി കണ്ണൂർ എഡിഎം നവീൻ ബാബുവിനെ അധിക്ഷേപിച്ച് സംസാരിച്ച ജില്ല പഞ്ചായത്ത് പ്രസിഡണ്ട് പി.പി. ദിവ്യയുടെ രാജി ആവശ്യപ്പെട്ടു കൊണ്ടും, കൊലപാതക കുറ്റത്തിന് കേസെടുക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടും ഗജഇഇ യുടെ ആഹ്വാനപ്രകാരം ജില്ലയിലെ 26 ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ പ്രകടനങ്ങൾ നടത്തി. പ്രകടനങ്ങൾക്ക് ഒല്ലൂർ -റിസൻ വർഗ്ഗീസ്, പാണഞ്ചേരി - കെ.എൻ വിജയകുമാർ, പാവർട്ടി - സി. ജെ. സ്റ്റാൻലി, കൊടുങ്ങല്ലൂർ - ഇ. എ.സാബു, ഇരിങ്ങാലക്കുട - സോമൻ ചിറ്റേത്ത്, പരിയാരം - എം.ടി. ഡേവീസ്, നാട്ടിക - പി.ഐ. ഷൗക്കത്തലി, അടാട്ട് - വിപിൻ വടേരിയാട്ടിൽ, ഗുരുവായൂർ - അരവിന്ദൻ പല്ലത്ത്, കടവല്ലൂർ - സുരേഷ് മമ്പറമ്പിൽ, കുന്നംകുളം - അഡ്വ. സി.ബി. രാജീവ് , മണലൂർ - കെ.എസ്.ദീപൻ, കൈപ്പമംഗലം - സുനിൽ പി മേനോൻ, എറിയാട് - പി. ബി മൊയ്തു, മാള - എൻ.എസ്. വിജയൻ, തൃശ്ശൂർ - ഫ്രാൻസീസ് ചാലിശ്ശേരി എന്നിവർ നേതൃത്വം നൽകി.

വാർത്താ ചുരുക്കം

* തൃശൂർ കാൻസർ നിർണയം ചികിത്സ ബോധവൽക്കരണം എന്നിവയുമായി ഗ്ലോബൽ പ്രോസ്റ്റേറ്റ് കാൻസർ ഫൗണ്ടേഷന്റെ (ബാംഗ്ലൂർ) പ്രവർത്തനം തൃശ്ശൂരിലും ആരംഭിച്ചു
* തൃശൂർ സീതാറാം മിൽ ലൈനിൽ താമസക്കാരായ സുബൈദ ഖദീജ സഹോദരിമാർക്ക് സിപിഐഎം ലോക്കൽ കമ്മിറ്റി സ്നേഹവീട് നിർമ്മിച്ചു നൽകി. കട്ടില വെപ്പ് രാധാകൃഷ്ണൻ എംപി നിർവഹിച്ചു
* തൃശ്ശൂർ സാഹിത്യ അക്കാദമി സ്മൃതി മണ്ഡപത്തിൽ അമേച്ചർ പോയറ്റ് അസോസിയേഷനെ നേതൃത്വത്തിൽ മഹാകവി ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ജന്മദിനം ആചരിച്ചു. ഛായാ ചിത്രത്തിൽ പുഷ്പാർച്ചനയും അനുസ്മരണ പ്രഭാഷണവും നടന്നു.
* തൃശ്ശൂർ എലിവേറ്റ് ബ്യൂട്ടി അക്കാദമി 20 വർഷം ബ്യൂട്ടീഷൻ മേഖലയിൽ തൊഴിൽ ചെയ്യുന്നവരെ ആചരിച്ചു മൂലയിൽ ആയിരുന്നു പരിപാടി മെമ്പർഷിപ്പ് വിതരണം തിരുവോണം സെൽഫിയുടെ സമ്മാനദാനവും നടന്നു.
* തൃശ്ശൂർ സംസ്ഥാന മാസ്റ്റേഴ്സ് നീന്തൽ മത്സരം തൃശ്ശൂർ വിമല ഇന്റർനാഷണൽ സിമ്മിംഗ് പൂളിൽ നടന്നു.
* തൃശ്ശൂർ സംവരണ സംരക്ഷണ സമിതി തൃശ്ശൂർ ജില്ല കൺവെൻഷൻ ഇരിങ്ങാലക്കുട ടൗൺ ഹാളിൽ നടന്നു. പട്ടികജാതി പട്ടികവർഗ്ഗ സംവരണത്തിൽ ഉപ സംവരണവും ക്രിമിലെയറും നടപ്പാക്കരുത്. ജാതി സെൻസസ് നടത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു.
* സർഗസ്വരം ചെന്ത്രാപ്പിന്നി ഗ്രാമഫോൺ സഹകരണത്തിൽ ചലച്ചിത്ര ഗാന സാക്ഷാത്കാര പരിപാടി സംഘടിപ്പിച്ചു.
* പെൻഷൻ പരിഷ്കരണ ആശ്വാസ കുടിശിക ഒറ്റ തവണയായി അനുവദിക്കുക, ക്ഷാമബത്ത ഗഡുക്കൾ അനുവദിക്കുക, ഉത്സവബത്ത ഉയർത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കെ എസ് എസ് പി യുവിന്റെ ആഭിമുഖ്യത്തിൽ പെൻഷൻകാർ തൃശ്ശൂർ കളക്ടറേറ്റ് മാർച്ചും ധർണ്ണയും നടത്തി

വിദ്യാർത്ഥികൾ കളക്ടറുമായി സംവദിച്ചു

തൃശൂർ: ജില്ലയിലെ വിവിധ മേഖലയിലുള്ളവരുമായി സംവദിക്കുന്നതിനായി ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ നടത്തുന്ന 'മുഖാമുഖം-മീറ്റ് യുവർ കളക്ടർ' പരിപാടിയുടെ ഒമ്പതാം അദ്ധ്യായത്തിൽ കുഴൂർ ഗവ. ഹൈസ്കൂളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു.

കുഴൂർ ഗവ. ഹൈസ്കൂളിലെ 8, 9, 10 ക്ലാസുകളിലെ 18 വിദ്യാർത്ഥികളും അധ്യാപകരായ രജനി, തുഷാര, ബിന്ദ്യ എന്നിവരും പി.ടി.എ പ്രസിഡന്റ് ബിനുരാജ്, പി.ടി.എ വൈസ് പ്രസിഡന്റ് സ്വാതി, എസ്.എം.സി ചെയർമാൻ ശ്രീരാജ്, എം.പി.ടി.എ പ്രസിഡന്റ് ദിവ്യ സുജിത്ത് എന്നിവരുമാണ് മുഖാമുഖത്തിൽ പങ്കെടുത്തത്.

ശബരിമല മേൽശാന്തി എസ്.അരുൺ കുമാർ നമ്പൂതിരി

തൃശൂർ:കൊല്ലം ശക്തികുളങ്ങര സ്വദേശിയാണ്. മേൽശാന്തി നറുക്കെടുപിലൂടെ പതിനാറാമതായാണ് അരുൺ കുമാർ നമ്പൂതിരിയെ തിരഞ്ഞെടുത്തത്. മാളികപ്പുറം മേൽശാന്തിയായി വാസുദേവൻ നമ്പൂതിരിയേയും തിരഞ്ഞെടുത്തു. കോഴിക്കോട് സ്വദേശിയാണ്.

അടാട്ട് പരിശുദ്ധ നിത്യസഹായ മാതാവിന്റെ ദൈവാലയത്തിൽ സംയുക്ത തിരുനാളിനു കൊടികയറി

അടാട്ട് : പരിശുദ്ധ നിത്യസഹായ മാതാവിന്റെ ദൈവാലയത്തിൽ പരിശുദ്ധ നിത്യസഹായ മാതാവിന്റെയും വിശുദ്ധ സെബസ്ത്യാനോസിന്റെയും150ാം മത് സംയുക്ത തിരുനാളിന് കൊടികയറി.

തൃശ്ശൂർ അതിരൂപതാ വികാരി ജനറൽ മോൺ. ഫാ. ജോസ് വള്ളൂരാൻ കൊടികയറ്റം നിർവ്വഹിച്ചു. അടാട്ട് ഇടവക വികാരി ഫാ. ജോമോൻ ഇമ്മട്ടിയുടെ നേതൃത്വത്തിൽ കൈക്കാരൻമാർ , തിരുനാൾ കൺവീനർമാർ, കേന്ദ്ര സമിതി അംഗങ്ങൾ, ഇടവകാംഗങ്ങൾ എന്നിവർ പങ്കെടുത്തു. ഒക്ടോബർ 26, 27 തീയ്യതികളിലാണ് തിരുനാൾ.

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 1478/2021
IA: 3/2022

Omana etc

-ഹരജിക്കാർ

1) Vignesh, S/o. Jagadeesan, Moothedath House, Anjoor, Thrissur
2) Suseela, W/o. Jagadeesan, Moothedath House, Njamanaghat Desom, Anjoor, Thrissur-679563
3) National Insurance Co. Ltd, Thrissur

- എതൃകക്ഷികൾ

മേൽ നമ്പർ കേസൽ 3-ാം എതൃകക്ഷി ഭാഗത്തുനിന്നും ബോധിപ്പിച്ച IA: 3/2022 നമ്പർ ഹരജിയിന്മേൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **02-04-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 16-10-2024
3-ാം എതൃകക്ഷിഭാഗം
അഡ്വക്കെറ്റ്
മറിയാമ്മ കെ ഇട്ടൂപ്പ് (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ

OP(MV): 71/2022
EP: 91/2024

Roshina etc

-ഹരജിക്കാർ

1) K.T. Mahroof, S/o. Moidu, Karippottil House, P.O. Akalad, Punnayur, Chavakkad, Thrissur-680518
2) K.T. Moidu, S/o. Bapputty, Karippottil House, P.O. Akalad, Punnayur, Chavakkad, Thrissur-680518

- 1, 2 എതൃകക്ഷികൾ

മേൽ നമ്പറിൽ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് **28-10-2024** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 7-10-2024
ഹരജിഭാഗം അഡ്വക്കെറ്റ്
എ. ആർ രാജഗോപാലൻ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ

OP(MV): 1204/2020
EP: 114/2024

C. Narayanan

-ഹരജിക്കാരൻ

Gokul N.G., S/o. Gopi N.B., Nandilath Parambil House, Padukkad, P.O. Viyyur, Thrissur-680010

- 1, 2 എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് **28-10-2024** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 7-10-2024
ഹരജിഭാഗം അഡ്വക്കെറ്റ്
എ. ആർ രാജഗോപാലൻ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 2173/2018
EP: 160/2024

ദി ന്യൂ ഇന്ത്യ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ്, തൃശൂർ

-വിധി ഉടമ

Satheesan K.V., S/o. Kallianikutty, Karuvanchery Vengassery House, Mangada Village, Vellila Post, Malappuram Dt., Kerala State, Pin: 679324

- വിധി കടക്കാരൻ

മേൽ നമ്പറിൽ വിധി കടക്കാരനുള്ള നോട്ടീസ് പതിച്ചു നടത്തുന്നതിന് കല്പിച്ച് അനുവദിച്ച് മേൽ നമ്പർ കേസ് **28-10-2024** തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 4-10-2024
വിധി ഉടമഭാഗം
അഡ്വക്കെറ്റ്
കെ എസ് സിദ്ധാർത്ഥൻ (ഒപ്പ്)

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

OP: 2516/2023

സാലിഹ, 23 വയസ്, D/o. മുഹമ്മദ്, വൈശ്യൻ വീട്ടിൽ, പി ഒ എടക്കഴിയൂർ, എടക്കഴിയൂർ വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശൂർ ജില്ല

-ഹരജിക്കാരി

മുഹമ്മദ് റാഷിദ്, 31 വയസ്, S/o. മുഹമ്മദുണ്ണി, പൊക്കുളങ്ങര